LIBRARY ARCHIVES Kerala Legislative Assembly

കാപ്രോലാക്ടം പ്രോജക്ടിലെ തൊഴിൽപ്രശ്നം

582 [737] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കാപ്രോലാക്ടം പ്രോജക്ടിലെ തൊഴിൽ പ്രശ്നം പരിഹരിക്കാൻ ഗവൺമെൻറ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

കാപ്രോലാക്ടം പ്രോജക്ടിലെ തൊഴിൽ പ്രശ്നം പരിഹരിക്കാൻ തൊഴിൽ വകുപ്പു മന്ത്രി, തൊഴിൽ വകുപ്പു സെക്രട്ടറി, എറണാകുളം ജില്ലാ കളക്ടർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 4-3-1986-ൽ എറണാകുളം റീജിയണൽ ജോയിൻറ് ലേബർ കമ്മീഷണർ വിളിച്ചു കൂട്ടിയ അനുരഞ്ജന സമ്മേളനത്തിൽ വച്ച്, കാപ്രോലാക്ടം പ്രോജക്ടിലെ തൊഴിൽ തർക്കങ്ങൾ മാത്രം പരിഹരിക്കുന്നതിനുവേണ്ടി ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ തസ്തികയിലുള്ള ഒരു ഓഫീസറെ നിയമിക്കുവാനും, വിദഗ്ദ്ധ ജോലിക്കാർ, അർദ്ധവിദഗ്ദ്ധ ജോലിക്കാർ, അവിദഗ്ദ്ധ ജോലിക്കാർ, അതിവിദഗ്ദ്ധ തൊഴിലാളികൾ എന്നിങ്ങനെ ജോലിക്കാരുടെ പട്ടിക തയ്യാറാക്കി. ആ പട്ടികയിൽനിന്നും ആവശ്യാനുസരണം തൊഴിലാളികളെ എടുക്കുന്നതിനും തീരുമാനിച്ചു. അപ്രകാരം ലേബർ ഓഫീസറെ നിയമിക്കുകയും മേൽപ്പറഞ്ഞ രീതിയിൽ ജോലിക്കു തൊഴിലാളികളെ എടുക്കുകയും ചെയ്തുവരുന്നു. ഇപ്പോൾ പ്രോജക്ടിൻറെ പ്രവർത്തനം സുഗമമായി നടക്കുന്നു.

ബേപ്പൂർ ഷിപ്പ് ബ്രേയ്ക്ക് യൂണിറ്റിലെ തൊഴിൽതർക്കം

583 [738] ശ്രീ കെ. മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിക്ക് യൂണിറ്റിൽപ്പെട്ട ബേപ്പൂർ ഷിപ്പ് ബ്രേയ്ക്ക് യൂണിറ്റിൽ വല്ല തൊഴിൽതർക്കങ്ങളും നിലവിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് തൊഴിൽ വകുപ്പ് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 1984-85-ലെ ബോണസ് സംബന്ധിച്ച തർക്കം.

(ബി) കോഴിക്കോട് റീജിയണൽ ജോയിൻറ് ലേബർ കമ്മീഷണർ 2-4-1956-ലും 22-4-1986-ലും രണ്ടു കൺസിലിയേഷൻ കോൺഫറൻസുകൾ നടത്തി. അദ്ദേഹം 8-7-1986-ൽ മറെറാരു കോൺഫറൻസ് വിളിച്ചിരിക്കുകയാണ്.

തൊഴിൽ തർക്കങ്ങൾ

584 [740] താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം എത്ര തൊഴിൽ തർക്കങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്;